(11) മങ്കട സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, കഴിഞ്ഞ കുറേ വർഷങ്ങളായി മങ്കടയിൽ പ്രവർത്തിക്കുന്ന സി.എച്ച്.സി.യെ കൂടുതൽ സൗകര്യങ്ങളുള്ള താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ഈ സഭയിലും പുറത്തും ഞങ്ങൾ നിരന്തരമായി ഉന്നയിച്ചതാണ്. 2014-15-ലെ ബഡ്ജറ്റ് ചർച്ചയുള്ള മറുപടിയിൽ ഈ സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ടോക്കൺ എമൗണ്ട് അഞ്ച് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. അതിനുശേഷം ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയേയും ആരോഗ്യ വകുപ്പുമന്ത്രിയേയും ബന്ധപ്പെട്ട് ഇതിനാവശ്യമായ ഉത്തരവ് ഇറക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും നിർഭാഗ്യവശാൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് കിട്ടിയ മറുപടി ഇപ്പോൾ അതിന് സാധ്യമല്ലെന്നാണ്. അതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വീണ്ടും ഞങ്ങൾ ഒരു അപേക്ഷ കൊടുത്തിരുന്നു. ആ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തി നടപടി സ്വീകരിക്കേണ്ടതുണ്ട്. കാരണം, ഒൻപതോളം പഞ്ചായത്തുകളുടെ ഒരു ഹെൽത്ത് ബ്ലോക്കാണത്. പെരിന്തൽമണ്ണ മുതൽ മഞ്ചേരി വരെ ഏകദേശം 23 കിലോമീറ്റർ ദൂരത്തിൽ മറ്റൊരു കിടത്തി ചികിത്സയുള്ള ആശുപത്രിയില്ല. അതുകൊണ്ട് ഈ സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യത്തിൽ കാല വിളംബമില്ലാതെ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മലപ്പുറം ജില്ലയിലെ മങ്കട സി.എച്ച്.സി.യിൽ ശരാശരി പ്രതിദിന ഒ.പി. 600 മുതൽ 650 വരെയും ഐ.പി. 40 മുതൽ 50 വരെയും കിടക്കകളുടെ എണ്ണം 26-ഉം ആണ്. 1-9-2014-ൽ രണ്ട് സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പടെ നാല് തസ്തികകൾ മങ്കട സി.എച്ച്.സി.യിൽ സൃഷ്ടിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മങ്കട സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് 2014-15-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവെങ്കിലും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവ്യയ നിയന്ത്രണം നിലനിന്നിരുന്നതിനാൽ 2014-15 സാമ്പത്തിക വർഷം പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. ആവശ്യമുള്ള തസ്തികകൾ അനുവദിച്ചും ഭൗതിക സാഹചര്യമൊരുക്കിയും ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിലേയ്ക്കുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly